**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5749**

**19/11/2019 ലെ മറുപടിയ്ക്ക്**

**<u>എസ്.എൽ.ഐ., ജി.ഐ.എസ്. വിവരങ്ങൾ അറിയാൻ ഓൺലൈൻ സംവിധാനം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | സംസ്ഥാന സർക്കാർ ജീവനക്കാരുടെ എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | എസ്.എൽ.ഐ., ജി.ഐ.എസ്. എന്നീ പദ്ധതികളിലെ പ്രീമിയം അടവ് വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നിലവിൽ ജീവനക്കാർക്ക് ലഭ്യമല്ല. എന്നാൽ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ജീവനക്കാർക്ക് വിവരങ്ങൾ ലഭ്യമാകുന്നതാണ്. |
| ബി | സ്പാർക്ക് വഴി ശമ്പളം വാങ്ങുന്ന ജീവനക്കാരുടെ വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്ന രീതിയും വിശ്വാസ് സോഫ്റ്റ് വെയർ മുഖേനയുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഓൺലൈനായി വിവരങ്ങൾ ലഭ്യമാകുന്ന രീതിയും വിശദമാക്കുമോ; | |
| സി | 2018-19 സാമ്പത്തിക വർഷം മുതൽ ഇത്തരത്തിൽ ഓൺലൈൻ സംവിധാനം ലഭ്യമാക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; | ഇൻഷ്വറൻസ് വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വിശ്വാസ് സോഫ്റ്റ് വെയർ മുഖേന വകുപ്പിലെ പ്രവർത്തങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം മാത്രമാണ് ലക്ഷ്യമിട്ടിരുന്നത്. വിശ്വാസ് സോഫ്റ്റ് വെയർ പരിഷ്കരിക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രീമിയം കിഴിവ് ഉൾപ്പെടെയുള്ള വിവരങ്ങൾ ഓൺലൈൻ ആയി ജീവനക്കാർക്ക് ലഭ്യമാകുന്നതാണ്. |
| ഡി | ഉണ്ടെങ്കിൽ ജീവനക്കാർക്ക് അവരവരുടെ വിവരങ്ങൾ ലഭ്യമാകുന്ന രീതി വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ